**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ – ഓഫീസ് അറ്റൻഡന്റ് ശ്രീ.സൈമൺ.ജെ യുടെ ചികിത്സയ്ക്കായി 1,00,000/- രൂപ പലിശ രഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1179/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 17/04/2017

പരാമർശം :

1) 07/02/2017 ലെ Certi No.22/Cardio/GMCT/2017-ാം നമ്പർ മെഡിക്കൽ സർട്ടിഫിക്കറ്റ്
2) ശ്രീ.സൈമൺ.ജെ യുടെ 09/02/2017 തീയതിയായുള്ള അപേക്ഷ.
3) തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 13/02/2017 തീയതിയിലെ ജിഇ 3/16328/17 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 21/02/2017 തീയതിയിലെ ഡിസി1-3882/2017 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.സൈമൺ.ജെ യുടെ ഹൃദയ സംബന്ധമായ അസുഖത്തിന്റെ ചികിത്സയുടെ ചെലവിലേയ്ക്കായി 1,00,000/- രൂപ (ഒരു ലക്ഷം രൂപാ മാത്രം) ആവശ്യമാണെന്ന പരാമർശം (1) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരമുള്ള ടിയാന്റെ അപേക്ഷ പരിഗണിക്കണമെന്ന തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ പരാമർശം (3) പ്രകാരമുള്ള അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരുന്നു. അടിയന്തിര പ്രാധാന്യമുള്ള വിഷയമായതിനാൽ ടി ചികിത്സയ്ക്ക് പ്രസ്തുത തുക അനുവദിക്കുന്നതിന് തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് ബഹു.മേയർ മുൻകൂർ അനുമതി നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ പ്രസ്തുത തുക പലിശ രഹിത മെഡിക്കൽ അഡ്വാൻസായി അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.സൈമൺ.ജെ യ്ക്ക് ഹൃദയ സംബന്ധമായ അസുഖത്തിന്റെ ചികിത്സയുടെ ചെലവിലേയ്ക്കായി 1,00,000/- രൂപ (ഒരു ലക്ഷം രൂപാ മാത്രം) ബന്ധപ്പെട്ട മെഡിക്കൽ

സർട്ടിഫിക്കറ്റിന്റെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരസഭാ സെക്രട്ടറിയും, നഗരകാര്യ ഡയറക്ടറും പരിശോധിച്ച് ഉറപ്പുവരുത്തിക്കൊള്ളണമെന്ന വ്യവസ്ഥയിൽ, നഗരസഭാ കൗൺസിൽ തീരുമാനത്തിനു വിധേയമായി, ടിയാന്റെ ശമ്പളവും മറ്റു അലവൻസുകളും നൽകുന്ന അതേ ശീർഷകത്തിൽ നിന്നുമാണ് ചെലവഴിക്കേണ്ടത് എന്ന് നിഷ്കർഷിച്ചുകൊണ്ട്, തിരുവനന്തപുരം നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും പലിശ രഹിത മെഡിക്കൽ അഡ്വാൻസായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്.മോഹൻദാസ്**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ബഹു.മേയർ, തിരുവനന്തപുരം നഗരസഭ
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ